LIBRARY ARCHIVES Kerala Legislative Assembly

കള്ളനോട്ട് കടത്തിയ സംഭവം

58 (1801) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തേക്ക് വ്യാപകമായി വിദേശ കള്ളനോട്ടുകൾ കടത്തിയതായ സംഭവത്തെക്കുറിച്ച് എന്തൊക്കെ അന്വേഷണങ്ങളാണ് നടത്തിയിട്ടുള്ളത് ;

(ബി) ഇതു സംബന്ധിച്ച് ദേശീയ അന്വേഷണ ഏജൻസി എന്തൊക്കെ വിവരങ്ങളാണ് നൽകിയത് ; ഇക്കാര്യത്തിൽ എൻ.ഐ.എ.-യുടെ നിർദ്ദേശങ്ങൾ പാലിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദേശ കള്ളനോട്ടുകൾ (യു.എസ്. ഡോളർ) കൈവശം വച്ചതുമായി ബന്ധപ്പെട്ട് 3 ആഫ്രിക്കൻദേശക്കാരുടെ പേരിൽ ക്രൈം നമ്പർ 8/CR/08 ആയി ഒരു കേസ് ക്രൈം ബ്രാഞ്ച് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ് ക്രൈം ബ്രാഞ്ചിന്റെ SIG-111 കോഴിക്കോട് യൂണിറ്റിൽ അന്വേഷണം നടത്തിയിട്ടുള്ളതാണ്. കേസിന്റെ കുറ്റപത്രം കോഴിക്കോട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി- III-ൽ സമർപ്പിച്ചിരുന്നതും പിന്നീട് കോഴിക്കോട് അഡ്ഹോക്ക് -1 കോടതിയിൽ നിന്നും 2, 3 പ്രതികളെ u/s 468, 471, 419, 420 (b) r/w 34 IPC Sec. 12(1) (A) (b) of Passport Act 1967 and Sec. 14 of Foreigners Act പ്രകാരം ശിക്ഷിച്ചിട്ടുള്ളതും U/s 489/ IPC-യിൽ വെറുതെ വിട്ടിട്ടുള്ളതുമാണ്. ഈ കേസിലെ 1-ാം പ്രതി ഒളിവിലാണ്. 1-ാം പ്രതിയുടെ പേരിൽ കേസ് വിചാരണയിലാണ്.

(ബി) ഇതു സംബന്ധിച്ച് ദേശീയ അന്വേഷണ ഏജൻസി വിവരങ്ങൾ നൽകിയിട്ടില്ല.

കുറ്റാന്വേഷണം ശാസ്ത്രീയമാക്കാൻ സൈബർ ഫോറൻസിക് ആന്റ് ഡിജിറ്റൽ അനാലിസിസ് സെൽ

59 (1802) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റാന്വേഷണം ശാസ്ത്രീയമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ച സൈബർ ഫോറൻസിക് ആന്റ് ഡിജിറ്റൽ അനാലിസിസ് സെല്ലിന്റെ പ്രവർത്തനം വിലയിരുത്താൻ എന്തൊക്കെ നടപടി കൈക്കൊണ്ടിട്ടുണ്ട് ;